## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4971 — 27.10.2016 -ൽ മറുപടിക്ക്

# പ്രകൃതി ക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പ്രകൃതി ക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിയിരുന്ന സഹായധനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | പ്രകൃതിക്ഷോഭത്തിൽ മത്സ്യബന്ധന യാനങ്ങളും ഉപകരണങ്ങളും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സഹായധനം നൽകുന്നത് 23.07.2015-ലെ ജി.ഒ.(എം.എസ്) നമ്പർ 343/2015/ഡി.എം.ഡി സർക്കാർ ഉത്തരവ് പ്രകാരം SDRF/NDRF ൽ നിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേനയാണ്.<br>ടി ഉത്തരവ് പ്രകാരം നൽകി വരുന്ന സഹായധനം താഴെ പറയുന്നു.<br>(1) ഭാഗികമായി കേടുപാട് സംഭവിച്ച ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിന് - 4100/- രൂപ<br>(2) ഭാഗികമായി കേടുപാട് സംഭവിച്ച വല റിപ്പയർ ചെയ്യുന്നതിന് - 2100/- രൂപ<br>(3) പൂർണ്ണമായും കേടുപാട് സംഭവിച്ച ബോട്ട് പുന:സ്ഥാപിക്കുന്നതിന് - 9600/- രൂപ<br>(4) പൂർണ്ണമായും കേടുപാട് സംഭവിച്ച വല പുന:സ്ഥാപിക്കുന്നതിന് - 2600/- രൂപ |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുക വർദ്ധിപ്പിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ തുക എത്രയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇല്ല. NDRF ന്റെ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങളിൽ ഇതുവരെയും മാറ്റം വരുത്തിയിട്ടില്ല. |
| (സി) | വർദ്ധിപ്പിച്ച നിരക്കിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇത്തരത്തിൽ ആകെ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; കണക്ക് ലഭ്യമാക്കുമോ? | (സി) | ശക്തമായ കടൽ ക്ഷോഭത്തെ തുടർന്ന് കേരളത്തിന്റെ കടലോര പ്രദേശങ്ങളിൽ കഴിഞ്ഞ മഴക്കാലത്ത് മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന സംഘങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംഘം ഒന്നിന്, 05.08.2016-ലെ സ.ഉ.(കൈ) 441/16/റവ പ്രകാരം ഒരു ലക്ഷം രൂപ വീതം |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് പുതിയ മത്സ്യബന്ധന ഉപകരണങ്ങൾ ആർജ്ജിക്കുന്നതിന് വായ്പയും ധനസഹായവും ലഭ്യമാക്കുന്നതിന് ഒരു പ്രത്യേകപദ്ധതി ആവിഷ്കരിക്കുന്നതിന് ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ